**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4491** **19-07-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സമുദായ ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നാക്ക സമുദായ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ ഏതൊക്കെ ഓഫീസുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള പിന്നാക്ക വിഭാഗ വികസന വകുപ്പിന് തിരുവനന്തപുരത്തുള്ള വകുപ്പ് ഡയറക്ടറേറ്റിന് പുറമെ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലായി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കാര്യാലയങ്ങളാണുള്ളത്. ആയതിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ പദ്ധതി നിർവ്വഹണം കൊല്ലം മേഖലാ ഓഫീസ് മുഖേനയും ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലെ നിർവ്വഹണം എറണാകുളം മേഖലാ ഓഫീസ് മുഖേനയും തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ നിർവ്വഹണം പാലക്കാട് മേഖലാ ഓഫീസ് മുഖേനയും വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിർവ്വഹണം കോഴിക്കോട് മേഖലാ ഓഫീസ് മുഖേനയുമാണ് നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാനത്തിനകത്ത് പഠിക്കുന്ന ഒ.ബി.സി/ഒ.ഇ.സി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷകൾ പട്ടികജാതി വികസന വകുപ്പിന്റെ ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ വഴിയാണ് പരിശോധിക്കുന്നത്. ആയത് പ്രകാരം കോഴിക്കോട് ജില്ലയിലെ ഒ.ബി.സി. പോസ്റ്റ്മെട്രിക്, ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നടത്തിപ്പ് ചുമതല കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസിനാണ്. |

സെക്ഷൻ ഓഫീസർ